# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1736 — 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പ്രതിസന്ധി

**ചോദ്യം**

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പ്രതിസന്ധിയിലാണെന്ന വാർത്തകളിൽ വസ്തുതയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതുതരത്തിലുള്ള പ്രതിസന്ധിയാണ് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ട്. |
| (സി) | ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമെന്താണെന്നും അത് പരിഹരിക്കാനുള്ള മാർഗങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; | (സി) | 1984-ൽ സർക്കാർ ജീവനക്കാർക്ക് തുല്യമായ തരത്തിൽ കെ.എസ്.ആർ.ടി.സി.യിൽ ഒരു സഞ്ചിതനിധി രൂപീകരിക്കാതെ റവന്യൂ വരുമാനത്തിൽ നിന്നും പെൻഷൻ നൽകുവാൻ തീരുമാനിക്കുകയും അതിൻ പ്രകാരം പെൻഷൻ നൽകിവരികയുമാണ്. ടി പെൻഷൻ നൽകുവാൻ റവന്യൂ വരുമാനത്തിൽ നിന്ന് കഴിയാതെ വന്നപ്പോൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങുകയും, ടി കടവും കടത്തിന്റെ തിരിച്ചടവും കെ.എസ്.ആർ.ടി.സി.യെ അക്ഷരാർത്ഥത്തിൽ കടക്കെണിയിൽ എത്തിച്ചു. 1984-85-ൽ 3.48 കോടി രൂപയായിരുന്ന പെൻഷൻ ബാദ്ധ്യത ഇപ്പോൾ പ്രതിവർഷം 720 കോടി രൂപയിൽ എത്തിനിൽക്കുന്നു. നിലവിൽ പെൻഷൻ ബാദ്ധ്യതയുടെ പകുതി സർക്കാർ വഹിച്ചുവരുന്നു. എന്നാൽ മുൻകാലത്ത് പെൻഷൻ നൽകുവാനും പുതിയ വാഹനങ്ങൾ വാങ്ങി നിരത്തിലിറക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും |

| | | |
|---|---|---|
| | | എടുത്ത വായ്പകളുടെ തിരിച്ചടവിനും വേണ്ടിയാണ് വരുമാനത്തിന്റെ 50% നൽകേണ്ടിവരുന്നത്.<br>കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ബസുകളിലെ ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചു വരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | മറ്റു സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ കേരളത്തിലേതുപോലെ പ്രതിസന്ധിയിലാണോ എന്ന് പഠനം നടത്തിയിട്ടുണ്ടോ; | (ഡി) | പഠനം നടത്തിയിട്ടില്ല. |
| (ഇ) | മറ്റു സംസ്ഥാനങ്ങളിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ പ്രതിസന്ധിയിലല്ലെങ്കിൽ അത്തരം അവസ്ഥയിലേക്ക് കെ.എസ്.ആർ.ടി.സി.യെ എത്തിക്കാൻ പറ്റാത്തത് എന്തുകൊണ്ടാണ്? | (ഇ) | (ഡി) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ